# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

തൊഴിൽ വകുപ്പിന്റെ നൂറുദിന കർമ്മപദ്ധതികൾ

812 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി തൊഴിൽ വകുപ്പ് ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

സ്വകാര്യ നഴ്സിംഗ് മേഖലയിൽ മിനിമം വേതനം

813 ശ്രീ. ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നേഴ്സിംഗ് മേഖലയിൽ മിനിമം വേതനം ഉറപ്പാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി നിയോഗിച്ച കമ്മിറ്റി പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഈ മേഖലയിൽ മിനിമം വേതനം നടപ്പാക്കാൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) വേതനം നൽകുന്നതിലെ ക്രമക്കേടുകൾ തടയുന്നതിന് ശമ്പളം ബാങ്കുവഴി നൽകുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക്
ഒരേ നിരക്കിൽ ശമ്പളം</u>

814 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഴ്സുമാരുടെ ശമ്പളം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ എല്ലാ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്കും ഒരേ നിരക്കിൽ ശമ്പളം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പാരാ മേഡിക്കൽ ജീവനക്കാരുടേയും നഴ്സുമാരുടേയും യോഗ്യതകൾ പരിഗണിച്ചാണോ ശമ്പള നിർണ്ണയം നടത്തിയിട്ടുളളത്; ആണെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തൊഴിൽ രംഗത്തെ അരക്ഷിതാവസ്ഥ</u>

815 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രംഗത്ത് സമാധാനവും സുരക്ഷയും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ കേരളത്തിലേയ്ക്കുള്ള വരവ് തൊഴിൽ രംഗത്ത് എന്തെല്ലാം പ്രതികരണങ്ങൾ സൃഷ്ടിക്കുന്നുവെന്നും അത്തരം തൊഴിലാളികളുടെ സുരക്ഷിതത്വവും തൊഴിലാളികളിൽ ചിലരുടെ കുറ്റവാസനകൾ തൊഴിൽ രംഗത്ത് സൃഷ്ടിക്കുന്ന വിവിധ പ്രശ്നങ്ങളും വിശകലനം ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ ;

(സി) തൊഴിൽ രംഗത്തെ അനാവശ്യ പ്രവണതകളായ നോക്കുകൂലി, ഭൂതപ്പണം എന്നിവ തടയുന്നതിൽ എത്ര മാത്രം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

നോക്കുകൂലി നിരോധനവും തൊഴിൽ നിയമ പരിഷ്ക്കരണവും

816 ശ്രീ. സി. മോയിൻകുട്ടി
,, റ്റി.എ. അഹമ്മദ് കബീർ
,, എൻ.എ. നെല്ലിക്കുന്ന്
,, പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലനിൽക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പാക്കുന്നതിലുള്ള അപാകതകൾ മൂലം പ്രാദേശിക തൊഴിലാളികളും പൊതുജനങ്ങളും തമ്മിൽ സംഘർഷം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുള്ള എന്തെങ്കിലും പരിഷ്ക്കരണ നടപടികൾ ആലോചനയിലുണ്ടോ;

(ബി) നോക്കുകൂലി നിരോധിച്ചിട്ടും ഇപ്പോഴും പ്രാദേശിക തൊഴിലാളികൾ കൂലി ആവശ്യപ്പെടുന്നതുമൂലമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയറ്റിറക്കിന് ഒരു വ്യവസ്ഥയുമില്ലാതെ കൂലി ആവശ്യപ്പെടുന്നത് സംഘർഷത്തിന് കാരണമാകുന്നു എന്ന വസ്തുത പരിശോധിക്കുമോ;

(ഡി) ഈ മേഖലയിൽ പരസ്പര സൗഹൃദം നിലനിർത്താനുതകും വിധമുള്ള പരിഷ്ക്കാര നടപടികളെക്കുറിച്ച് പരിശോധിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം</u>

817 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്ന തൊഴിൽരഹിതരുടെ ആകെ എണ്ണവും ജില്ലതിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ;

(ബി) തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തൊഴിലാളി ക്ഷേമ ബോർഡുകൾ</u>

818 ശ്രീ. സി. കെ. നാണു
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളി ക്ഷേമ ബോർഡുകൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത ബോർഡുകൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം</u>

819 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി എത്ര തൊഴിൽ രഹിതർക്ക് തൊഴിൽ നൽകിയിട്ടുണ്ട്?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ചവർ

820 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) 2006-2011 കാലയളവിൽ എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകുകയുണ്ടായി; ആയതിൽ എത്ര പേർക്ക് സ്ഥിരനിയമനം ലഭിച്ചുവെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കടുത്തുരുത്തിയിൽ ജൂനിയർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്</u>

821

ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ജൂനിയർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് എംപ്ലോയ്മെന്റ് ഡയറക്ടറുടെ പുതിയ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ വർഷം എവിടെയൊക്കെയാണ് പുതിയ ജൂനിയർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

കോഴിക്കോട് താലൂക്കിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ

822 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണുള്ളത്; ഇവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ജോലി സാധ്യതകൾ മുഴുവൻ കോഴിക്കോട് കോർപ്പറേഷൻ പരിധിയിലായതിനാൽ ഇവിടെ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ; എങ്കിൽ എന്തെല്ലാമാണവ എന്ന് പറയുമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് വിജ്ഞാപനം ചെയ്യുന്നത് എന്ന് അറിയിക്കുമോ;

(സി) കോഴിക്കോട് താലൂക്കിൽ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കൽ</u>

823 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കാൻ കഴിയാത്തവർക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ രജിസ്ട്രേഷൻ പുതുക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം അവസരം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അവസരം തൊഴിൽ രഹിതർക്ക് വീണ്ടും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>തയ്യൽ തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള</u>
<u>തൊഴിലുടമ - തൊഴിലാളി വിഹിതം</u>

824 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമ നിധിയിൽ തൊഴിലുടമയുടെ വിഹിതവും, തൊഴിലാളികളുടെ വിഹിതവും നിലവിൽ എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ക്ഷേമനിധിയിൽ തൊഴിലാളികളുടെ വിഹിതം കൂടുതലും, തൊഴിലുടമയുടെ വിഹിതം കുറവും ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തൊഴിലാളി വിഹിതത്തിന് തുല്യമായി പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പ്രായപരിധിയില്ലാതെ ക്ഷേമനിധി അംഗത്വം</u>

825 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർബർ - ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്ക് നിലവിൽ ക്ഷേമ പദ്ധതിയിൽ ചേരുന്നതിന് പ്രായപരിധി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രായപരിധി നിശ്ചയിക്കാതെ എല്ലാ തൊഴിലാളികൾക്കും പ്രസ്തുത ക്ഷേമപദ്ധതിയിൽ അംഗത്വം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിക്ഷേപം</u>

826

ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ചുമട്ടുതൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ നിക്ഷേപം കുറഞ്ഞ പലിശയിൽ ബാങ്കുകളിൽ നിക്ഷേപിച്ചതു വഴി കോടികളുടെ നഷ്ടം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) നിക്ഷേപങ്ങൾ കുറഞ്ഞ പലിശയ്ക്ക് ബാങ്കുകളിൽ നിക്ഷേപിച്ച ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ</u>

827 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനി മാനേജ്മെന്റ് ദീർഘകാലമായി തൊഴിലാളികളുടെ വേതന കരാർ പുതുക്കാതെയും, മിനിമം കൂലി പോലും നടപ്പാക്കാതെയും, കമ്പനി അടച്ചുപൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പനി നിലനിർത്തുന്നതിനും, തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ച്, അർഹമായ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>സ്കിൽ ട്രെയിനിംഗ് അക്കാഡമി</u>

828 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ട്രെയിനിംഗ് അക്കാഡമി ആരംഭിക്കുന്ന കാര്യം ആലോചനയിലുണ്ടോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് അക്കാഡമി ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>ചാലക്കുടി ഗവണ്‍മെന്റ് ഐ. ടി. ഐ, വനിതാ ഐ. ടി.ഐ എന്നിവിടങ്ങളില്‍ പുതുതായി ആരംഭിച്ച കോഴ്സുകള്‍</u>

829 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി ഗവണ്‍മെന്റ് ഐ. ടി. ഐ, വനിതാ ഐ. ടി.ഐ എന്നിവിടങ്ങളില്‍ പുതുതായി കോഴ്സുകള്‍ ആരംഭിക്കുവാന്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ ഏതെല്ലാം കോഴ്സുകളാണ് പുതുതായി ആരംഭിക്കുന്നത് എന്നറിയിക്കുമോ;

(ബി) ചാലക്കുടി ഐ. ടി.ഐക്കായി പുതുതായി അനുവദിച്ച സ്ഥലം മതില്‍ കെട്ടി സംരക്ഷിക്കുന്നതിനും, പുതിയ കെട്ടിടം നിര്‍മ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഐ. ടി. സി.യ്ക്ക് സ്വന്തമായി കെട്ടിടം</u>

830 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഐ. ടി. സി. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ന്യൂനപക്ഷ വിദ്യാഭ്യാസ പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത സ്ഥാപനത്തിന് കെട്ടിട നിർമ്മാണത്തിനായി ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് അഞ്ച് ഏക്കർ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത പ്രകടിപ്പിച്ച വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് ഐ. റ്റി. സി.ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കെട്ടിനിർമ്മാണ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

ഐ.റ്റി.ഐ.കളിൽ കാലിക പ്രാധാന്യമുള്ള കോഴ്സുകൾ

831 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ പരിശീലന വകുപ്പിന് കീഴിൽ എത്ര ഐ.റ്റി.ഐ.കൾ ആണുള്ളത്; സ്വകാര്യ മേഖല, സർക്കാർ മേഖല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ ഐ.റ്റി.ഐ.കളുടെ നിലവിലെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഐ.റ്റി.ഐ കളിലെ കോഴ്സുകൾ കാലിക പ്രാധാന്യമില്ലാത്തതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിനായി എന്തെല്ലാം പുതിയ കോഴ്സുകൾ ആണ് സംസ്ഥാനത്തെ ഐ.റ്റി.ഐ കളിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിന് നടപടി</u>

832 ശ്രീ. ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതുതായി ട്രേഡുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) കൂടുതൽ പുതിയ ട്രഡുകൾ ആരംഭിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഈ അദ്ധ്യയന വർഷം ഏതൊക്കെ ട്രേഡുകൾ ആരംഭിക്കുമെന്നും അറിയിക്കുമോ;

(സി) പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ അനുവദിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കണ്ണൂരിലെ പെരിങ്ങോം ഐ.ടി.ഐ - യുടെ വികസനം</u>

833 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഐ.ടി.ഐ - യുടെ ഭൗതീക സാഹചര്യവും ജീവനക്കാരുടെ അപര്യാപ്തയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണം</u>

834 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരിയിൽ പ്രവർത്തിക്കുന്ന മാറഞ്ചേരി ഗവൺമെന്റ് ഐ.ടി.ഐ സ്വന്തമായി കെട്ടിടമില്ലാത്തതു മൂലം ഇടുങ്ങിയ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമസഭാ സാമാജികർക്കുള്ള പ്രത്യേക വികസന ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടത്തിൽ ഐ.ടി.ഐ യുടെ എല്ലാ ക്ലാസുകളും നടത്താൻ പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം അവിടേക്ക് മാറ്റാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം നൽകിയിട്ടുള്ള കെട്ടിടനിർമ്മാണം സംബന്ധിച്ച ശീർഷകത്തിൽ മതിയായ തുക വകയിരുത്തി കെട്ടിടം നിർമ്മിയ്ക്കുന്നതിനുള്ള എ.എസ് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഈ വർഷം തന്നെ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

പുറക്കാട് ഐ.റ്റി.ഐ യ്ക്ക് സ്വന്തമായി കെട്ടിടം

835 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഐ.റ്റി.ഐ. വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഐ.റ്റി.ഐയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് പുറക്കാട് ഗ്രാമപഞ്ചായത്ത് റവന്യൂഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവിടെ കെട്ടിടം പണിയുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കുള്ള ക്ഷേമ സുരക്ഷാ പദ്ധതി</u>

836 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാന തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾക്കായി എന്തെല്ലാം ക്ഷേമസുരക്ഷാ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കർഷക വാർദ്ധക്യകാല പെൻഷനുകളുടെ വിതരണം</u>

837 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യ ക്ഷേമ പെൻഷനുകൾ (കർഷക പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയവ) കൃത്യമായി വിതരണം ചെയ്യുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതൊക്കെ പെൻഷനുകളിൽ എന്തു തുക വീതം വിതരണം ചെയ്യാനുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ;

(സി) കുടിശ്ശിക പെൻഷൻ എന്നു മുതൽ വിതരണം ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക തുക ഒന്നിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

വികലാംഗനായ ശ്രീ. എ. മുഹമ്മദ് കബീറിന് ജോലി

838 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി വരെ പഠിക്കുകയും, ടൈപ്പ്റൈറ്റിംഗ് പാസ്സാകുകയും, 1986-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി ലിസ്റ്റിൽ പേരുണ്ടായിട്ടും 'വികലാംഗനായ' ശ്രീ. എ. മുഹമ്മദ് കബീറിന് ഇതുവരെ ഒരു തൊഴിൽ ലഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിലിനു നാമനിർദ്ദേശം ചെയ്താൽ മതിയെന്നു രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുവരെ ഇരുന്നുകൊണ്ട് ചെയ്യുന്ന ഒരു ജോലിക്കും നാമനിർദ്ദേശം ചെയ്തിട്ടില്ലാത്തത് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഈ വിവരങ്ങൾ കാണിച്ച് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നേരിട്ടെത്തി സമർപ്പിച്ച അപേക്ഷയ്ക്കും യാതൊരു നടപടിയും ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സർക്കാർ ജോലിക്കാവശ്യമായ വിദ്യാഭ്യാസയോഗ്യതയും ടെക്നിക്കൽ യോഗ്യതയും ഉള്ളതും, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും - വികലാംഗനും, ന്യൂനപക്ഷ സംവരണമുള്ളയാളുമായ ശ്രീ. എ. മുഹമ്മദ് കബീറിന് ജോലി നൽകുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി നഴ്സുമാർ</u>

839 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന മലയാളി നഴ്സുമാരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റ് സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന നഴ്സുമാരുടെ സേവനവേതനവ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും ജോലി ഭാരം കുറയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികളുടെ വിവര ശേഖരണം

840 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നുള്ള വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലെ ചികിത്സാ നിരക്കുകൾ</u>

841 ശ്രീ. മുല്ലക്കര രത്നാകരൻ
,, വി. ശശി
,, ഇ. കെ. വിജയൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ എത്ര സ്വകാര്യ ആശുപത്രികളും സർക്കാർ ആശുപത്രികളുമുണ്ടെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ നിലവിൽ എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ ചികിത്സാ നിരക്കുകൾ പകുതിയായി കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുണ്ടായിരുന്ന നിരക്കും കുറച്ച നിരക്കും എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ഡി) നിലവിലുണ്ടായിരുന്ന ചികിത്സാ നിരക്കുകൾ ഏതെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം; എത്ര വീതമാണ്;

(ഇ) ചികിത്സാ നിരക്കുകളിൽ വരുത്തിയ വ്യത്യാസം സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറാൻ പ്രേരിപ്പിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

842 ശ്രീ. വി.ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നുണ്ടോ എന്നറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും തരത്തിൽ തടസ്സം നേരിടുന്നുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണെന്നും അറിയിക്കുമോ ;

(ഡി) സംസ്ഥാനത്ത് അർഹരായവർക്കെല്ലാം പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി

843 ശ്രീ. കെ. മുരളീധരൻ
,, വി.റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് എത്ര എ.പി.എൽ, ബി.പി.എൽ കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര കുടുംബങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) യഥാസമയം ഇൻഷുറൻസ് കാർഡ് പുതുക്കാത്തതു മൂലം എത്ര എ.പി.എൽ, ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി ആനുകൂല്യങ്ങൾ നഷ്ടമായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇൻഷുറൻസ് കാർഡ് യഥാസമയം പുതുക്കുവാൻ സാധിക്കാത്തവർക്ക് കാർഡ് പുതുക്കി ആനുകൂല്യങ്ങൾക്ക് അർഹരാക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ അംഗങ്ങളായ രോഗികൾക്ക് ചികിത്സ**

844

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്ക് ഈ പദ്ധതിയിൽ ലിസ്റ്റ് ചെയ്തിരുന്ന ചില സ്വകാര്യ ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികളെ ചികിത്സിച്ചതിനുള്ള ക്ലെയിം യഥാസമയം ആശുപത്രികൾക്ക് നൽകി വരുന്നുണ്ടോ എന്ന വിവരം വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ പ്രസ്തുത ആശുപത്രികൾക്ക് ക്ലെയിം നൽകുന്നതിനും രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി</u>

845 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി ഇ.എസ്.ഐ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി അറിയിക്കുമോ;

(ബി) എത്ര രൂപാ അടങ്കലിനാണ് നിർമ്മാണം നൽകിയിട്ടുള്ളതെന്നും, ഏത് ഏജൻസിയാണ് പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>കാസറഗോഡ് ജില്ലയിലെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

846 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന കാസറഗോഡ് ജില്ലയിൽ ഏതൊക്കെ ആശുപത്രികളിലാണ് സഹായം നൽകിയിരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇവയിൽ ഭൂരിഭാഗം ആശുപത്രി മാനേജ്മെന്റുകളും നിലവിൽ ആരോഗ്യ ഇൻഷ്വറൻസ് കാർഡുള്ളവർക്ക് സഹായം നൽകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സഹായം നൽകാതിരിക്കാനുള്ള കാരണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ;

(സി) കുടിശ്ശികയിനത്തിൽ ഇൻഷ്വറൻസ് കമ്പനി ഓരോ ആശുപത്രിക്കും എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക തുക നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഇ.എസ്.ഐ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

847 ശ്രീ. എ.എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഇ.എസ്.ഐ ആശുപത്രികളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത് ;

(സി) ഇവയിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മലപ്പുറം ജില്ലാ ലേബർ ഓഫീസ് മാറ്റുന്നത് സംബന്ധിച്ച്</u>

848 ശ്രീ. റ്റി.എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലാ ലേബർ ഓഫീസ് സുരക്ഷിതമല്ലാത്ത കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസ് മലപ്പുറം സിവിൽ സ്റ്റേഷനിലെ പുതിയ ബ്ലോക്കിലേക്ക് മാറ്റുന്നതിന് ഉത്തരവ് ലഭിച്ചിട്ടും, നാളിതുവരെ മാറ്റാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പുതിയ ബ്ലോക്കിലേക്ക് മലപ്പുറം ജില്ലാ ലേബർ ഓഫീസ് മാറ്റുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?